പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3369

21-12-2012 – ൽ മറുപടിയ്ക്ക്

## സഹസ്ര സരോവർ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. സെൽവരാജ്<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ. വർക്കല കഹാർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സഹസ്ര സരോവർ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) | ജലസ്രോതസ്സുകളുടെ ഉറവിടം സംരക്ഷിച്ച് ഭൂഗർഭ ജലനിരപ്പ് താഴാതെ സൂക്ഷിക്കുക, അധികജലം ഉപയോഗിച്ച് കാർഷികോല്പാദനം വർദ്ധിപ്പിക്കുക. |
| (ബി) | പ്രസ്തുത പദ്ധതി ആരുടെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) യും (സി) യും | കൃഷി വകുപ്പിന്റെ ഈ പദ്ധതി കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി) വഴിയാണ് നടപ്പിലാക്കുന്നത്.<br><br>നിലവിലുള്ളതോ പുതിയതോ ആയ ചിറകളുടെ ആഴം കൂട്ടി ആ മണ്ണ് പാർശ്വങ്ങളിൽ നിക്ഷേപിക്കുക, ചിറകൾ നികരാതിരിക്കത്തക്ക രീതിയിൽ ലഭ്യമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് പാർശ്വഭിത്തികൾ ഉറപ്പുവരുത്തുക, ഒരു വശത്ത് പടവുകൾ നൽകി ചിറയിൽ നിന്നും കോരുന്ന മണ്ണ് കൃഷിക്ക് പര്യാപ്തമായ രീതിയിൽ സജ്ജീകരിക്കുക ചിറക്ക് ചുറ്റും 7 അടി ഉയരത്തിലുള്ള ഇരുമ്പു വേലികൾ സ്ഥാപിച്ച് ചിറയെ മാലിന്യത്തിൽ നിന്നും സംരക്ഷിക്കുക, അന്യം നിന്നു പോകുന്ന ഉൾനാടൻ മത്സ്യങ്ങളെ ഈ ചിറകളിൽ വളർത്തി വംശവർദ്ധനവും, സംരക്ഷണവും നല്കുക വഴി വാർഷിക വരുമാനം വർദ്ധിപ്പിക്കുക, ജലം പമ്പ് ചെയ്യാനുള്ള പമ്പ് ഹൗസും ജലസംഭരണിയും നിർമ്മിച്ച് അധിക ജലം പ്രാന്തപ്രദേശ നിവാസികൾക്ക് കൃഷിക്കുവേണ്ടി നൽകുക, വൈദ്യുതോർജ്ജം ഇല്ലാത്ത സ്ഥലങ്ങളിൽ സൗരോർജ്ജ |
| (സി) | ചിറകൾ സംരക്ഷിച്ചും ഭൂഗർഭജല നിരപ്പ് നിലനിർത്തിയും അധികജലം കൃഷിക്ക് ഉപയുക്തമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | | |

പാനലുകൾ സ്ഥാപിക്കുന്നതു വഴി ഊർജ്ജം നല്കുക, ഒരു ചിറയുടെ സമീപപ്രദേശത്തുള്ള കുറഞ്ഞത് 15 ഏക്കർ സ്ഥലമെങ്കിലും കൃഷിയോഗ്യമാക്കുക, തുടങ്ങിയ സംവിധാനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) പദ്ധതിയുടെ രൂപരേഖ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സഹായം സംബന്ധിച്ച തീരുമാനങ്ങൾ ആയിട്ടില്ല.

സെക്ഷൻ ഓഫീസർ